# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2731 | 12/02/2019-ൽ മറുപടിയ്ക്ക്

**നല്ല തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ്<br>,, അന്വപ് ജേക്കബ്<br>,, സണ്ണി ജോസഫ്<br>,, എം.വിൻസെന്റ്: | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ചുമട്ട് തൊഴിൽ മേഖലയിൽ നിലനിന്നിരുന്ന അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുവാൻ ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | (എ) 30.04.2018-ലെ സ.ഉ (സാധാ) നം 511/2018/ തൊഴിൽ പ്രകാരം ചുമട്ടു തൊഴിലാളി മേഖലയിലെ അനാരോഗ്യ പ്രവണതകൾ അവസാനിപ്പിച്ച് കൊണ്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് നിയമവിരുദ്ധമായി കണക്കാക്കുന്നതും അപ്രകാരം പ്രവർത്തിക്കുന്നവർക്കെതിരെ ചട്ടപ്രകാരം മേൽ നടപടികൾ സ്വീകരിക്കുന്നതുമാണ്. നിശ്ചയിക്കപ്പെട്ട നിരക്കിനേക്കാൾ അധിക/ അമിതകൂലി കൈപ്പറ്റിയത് ശ്രദ്ധയിൽപ്പെട്ടാൽ ചുമട്ടുതൊഴിലാളി നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിനും പണം തിരികെ വാങ്ങിക്കൊടുക്കുന്നതിനും അസിസ്റ്റന്റ് |

| | |
|---|---|
| | ലേബർ ഓഫീസർമാർ/ജില്ലാ ലേബർ ഓഫീസർമാർ എന്നിവർ സത്വര നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ചുമട്ടുതൊഴിലാളി നിയമപരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതായ ഗാർഹികാവശ്യത്തിനുള്ള കയറ്റിറക്ക്, കാർഷികോൽപ്പന്നങ്ങളുടെ കയറ്റിറക്ക് എന്നിവയ്ക്ക് തൊഴിലുടമയ്ക്ക് ഇഷ്ടമുള്ളവരെ ജോലിക്ക് അതാത് മേഖലയിലെ നിശ്ചയിക്കപ്പെട്ട കൂലി നൽകി നിയോഗിക്കാവുന്നതാണ്. |
| (ബി) നോക്കുകൂലി നിരോധിച്ച ശേഷവും പല സ്ഥലങ്ങളിലും ഈ പ്രവണത നിലനിൽക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) തൊഴിൽ മേഖലയിൽ ഒരു നല്ല തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (സി) ഉദ് പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും തൊഴിലിൽ വൈദഗ് ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിക്കുകയും അതിലൂടെ ലിംഗ സമത്വം ഉറപ്പു വരുത്തുകയും ചെയ്യുക, ന്യായമായ |

മെച്ചപ്പെട്ട വേതനം, തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പു വരുത്തി തൊഴിലാളികൾക്ക് മികച്ച തൊഴിലന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പിലാക്കി തൊഴിൽ സമൂഹത്തിന് സേവന കാലയളവിലും അതിനു ശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യസംരംക്ഷണവും ഉറപ്പു വരുത്തുക, തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങളെ സംരക്ഷിച്ചു കൊണ്ട് സംസ്ഥാനത്ത് സംരംഭക സൗഹൃദ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പിനെ സജ്ജമാക്കുക എന്നി വയിലൂടെ സമസ്ത മേഖലയിലെയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യ സുരക്ഷയും ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ സർക്കാർ തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ട്. തൊഴിലാളി-തൊഴി ലുടമ ബന്ധം ഊട്ടിയുറപ്പിക്കുന്നതി നായി സ്ഥാപനങ്ങൾക്ക് ഗ്രേഡ് നൽകുന്ന സംവിധാനം ഏർപ്പെടു ത്തിയിട്ടുണ്ട്. തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുവെന്ന് ഉറപ്പു

| | |
|---|---|
| | വരുത്തുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിവിധ വ്യവസായ ബന്ധ സമിതികൾ കൃത്യമായി കൂടുകയും തൊഴിൽ അന്തരീക്ഷം സമാധാനപരവും സൗഹൃദപൂർണ്ണവുമായിരിക്കാൻ ശ്രമിക്കാറുമുണ്ട്.<br><br>സംസ്ഥാനത്ത് ചുമട്ടുതൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഓരോ ജില്ലയിലും ഗാർഹിക/നിർമ്മാണ മേഖലയിൽ ഏകീകൃത ചുമട്ടു കൂലി പ്രാബല്യത്തിൽ വരുത്തുകയും അത് എല്ലാ ജില്ലകളിലും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ഇക്കാര്യത്തിൽ എന്തൊക്കെ ബോധവൽക്കരണ നടപടികളാണ് തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) തൊഴിലിടങ്ങളിൽ ജില്ലാ ലേബർ ഓഫീസർമാർ മുഖാന്തിരം എല്ലാ ജില്ലകളിലും ബോധവത്കരണവും മെഡിക്കൽ ക്യാമ്പുകളും നടപ്പിലാക്കുന്നുണ്ട്. കൂടാതെ തൊഴിലാളികളുടെ വേതനം ഉറപ്പുവരുത്തുന്ന വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുടനീളം തൊഴിലുടമകൾക്കും ജീവനക്കാർക്കും ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട് കൂടാതെ തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിപ്പിടം നൽകുന്നതുമായി ബന്ധപ്പെട്ട് |

തൊഴിൽവകുപ്പ് ബ്രോഷറുകൾ, ഹ്രസ്വചിത്രം എന്നിവ തയ്യാറാക്കി വ്യാപകമായി പ്രചരിപ്പിച്ചിട്ടുണ്ട്. ചൈൽഡ് ലേബർ നിരോധനവുമായി ബന്ധപ്പെട്ട് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ബ്രോഷറുകൾ, സ്റ്റിക്കറുകൾ വ്യാപകമായി പ്രചരിപ്പിച്ചിട്ടുണ്ട്. 2018 ജനുവരി മാസം ബോണ്ടഡ് ലേബർ നിരോധനവുമായി ബന്ധപ്പെട്ട് കൊച്ചിയിൽ സെമിനാർ നടത്തിയിട്ടുണ്ട്. വിവിധ വ്യവസായ ബന്ധ സമിതികൾ കൃത്യമായി കൂടുകയും തൊഴിൽ അന്തരീക്ഷം സമാധാനപരവും സൗഹൃദപൂർണ്ണവുമായിരിക്കാൻ ശ്രദ്ധിക്കാറുമുണ്ട്.

സെക്ഷൻ ഓഫീസർ